# ജി.എച്ച്.എസ്.എസ് കുഴിമതിക്കാട്

# ദ്യുതി 2024



## എഡിറ്റോറിയൽ

**ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ്**

രാജേഷ് സാർ

പ്രസന്ന ടീച്ചർ

**ലിറ്റിൽ കൈറ്റ്സ് മെമ്പേഴ്സ്**

അബിയോണ ജോയി

പി. അഭിനവ്

അനുശ്രീ എസ്.ബിനു

ആവണി ബി.എസ്

റൂബൻ ജോർജ്ജ്

ആര്യ എം

മുഹമ്മദ് നബീൽ

ആയിഷ എസ്

സ്നേഹ ബിജു

അലീന എ

ഉള്ളടക്കം

സായഹ്ന കാഴ്ചകൾ..............................3
അമ്മ..................................................4
വെള്ളച്ചാട്ടം........................................5
ചിത്രങ്ങൾ..........................................6
The leaves.........................................7
മഴയുടെ സൗന്ദര്യം..............................8
പ്രകൃതി................................................9
The dark night.................................10
കോവിഡ്.........................................11
കരുണ............................................12
മഴ..................................................13
Is freedom getting away................14
എന്റെ ലോകം...............................15
Flood............................................16
എന്റെ വിദ്യാലയം........................17
കിന്നരിപ്പുഴ....................................18
The sky.........................................19
വാർദ്ധക്യം......................................20
I love world..................................21
സൗഹൃദം.......................................22
സഞ്ചിയിലെ ഭാഗ്യം........................23
അനുജൻ........................................24

## സായാഹ്ന കാഴ്ചകൾ

ആകാശകാഴ്ചകൾ കുങ്കുമ പാതയായ് തണുത്തിളം കാറ്റു
തഴുകുന്ന സന്ധ്യയായ് ചെറുകാറ്റിൻ തലോടലിൽ ആടുന്ന
മർമരം   ഭൂമി തൻ ഉറക്കത്തിലേക്ക് വീണീടുന്നു.
പാടുന്ന പക്ഷികൾ കൂടണയുന്നു.
വിടർന്ന ഇതളുകൾ അടർന്നു പോയി അലയുന്ന ഓളങ്ങൾ
ശാന്തമായി
വൃക്ഷങ്ങൾ മിണ്ടാതെ പാവയായ്
പ്രതീക്ഷകൾ അ ദിവസവും കടന്നുപോയി
ജീവിതം തന്നിൽ ബാക്കിയായ്
ഒരു ദിന ചക്രം കറക്കിവിട്ടും
പാതകൾ നിശബ്ദത പൂണ്ടീടുന്ന
വെളുപ്പകലർന്നൊരു അകാശ ഭിത്തിയും
പുഞ്ചിരി തൂകിയെത്തുന്ന നക്ഷത്ര കൂട്ടവും
നാണം പൂണ്ടൊളിഞ്ഞു നോക്കീടുന്ന
ചന്ദ്രമാമനംപാരതിൽ എല്ലാം
വിശ്രമരാത്രിയായ് നിമിഷകൾ പോലും
വേണ്ടാതായ്

സമർപ്പണം
ഹാജറ ഷാജഹാൻ

# അമ്മ

അമ്മ എന്നുപറഞ്ഞാൽ നമ്മൽ

കുട്ടികൾക്ക് എല്ലാമാണ്. തീരെ

കൊച്ചുകുട്ടികളാണെങ്കിൽ - അവർക്ക് അമ്മയില്ലാതെ ഒന്നും

ചെയ്യാൻ സാധിക്കില്ല . എന്തിനും അവർക്ക് അമ്മ വേണം .വലിയ കുട്ടികളാണെ-

ങ്കിലും അതുപോലെ തന്നെ അമ്മ  തന്നെയാണ് നമുക്ക്

എല്ലാം . അമ്മ എന്ന രണ്ടക്ഷരം

കൊണ്ടു കഴിയില്ല നമുക്ക് അവരോടുള്ള കടപ്പാട് . അത്രമേൽ നമ്മൽ നമ്മുടെ അമ്മയോടുള്ള

കടപ്പെട്ടിരിക്കുന്നു

നമ്മൽ നമ്മളുടെ അമ്മയെ ഒന്നു നീങ്ങി നിൽക്കാൻ പോലും പറയാത്തത് നമ്മൾ ഈ ലോകത്ത് ഏറ്റവും

കൂടുതൽബഹുമാനിക്കേണ്ടതും നമ്മുടെഅമ്മയെയാണ് .

അക്ഷയ്.എസ്.എ


IX C

# വെള്ളച്ചാട്ടം

വെള്ളച്ചാട്ടം കാണാൻ എന്ത് മനോഹരമാണ്.
നമുക്കുവേണ്ടി പ്രകൃതി കനിഞ്ഞു നൽകിയ മനോഹരമായ പ്രതിഭാസമാണ് വെള്ളച്ചാട്ടം.
വെള്ളച്ചാട്ടം കാണുമ്പോൾ നമുക്ക് എന്തനില്ലാത്ത സന്തോഷം അനുഭവപ്പെട്ടും.
സങ്കടം നിറഞ്ഞിരിക്കുന്ന സമയത്ത് വെള്ളച്ചാട്ടം കാണുമ്പോൾ നമ്മുടെ സങ്കടങ്ങളെല്ലാം അലിഞ്ഞുപോവും. വെള്ളച്ചാട്ടം വീഴുമ്പൊ പാലരുവി പോലെയാണ് നമ്മുക്ക് തോന്നുന്നത്.
ലോകത്തിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമാണ് വിക്ടോറിയാ വെള്ളച്ചാട്ടം.
വിക്ടോറിയാ വെള്ളച്ചാട്ടത്തിൻെറ മുൻപിൽ നിൽക്കുമ്പൊ നമ്മൾ എല്ലാം മറന്ന് നിന്നു പോവുന്ന അവസ്ഥയാണ് അനുഭവിക്കുന്നത്.


-അലീന


9 C




കീർത്തി പി.എസ്
5എ

ധന്യലക്ഷ്മി
5എ




കീർത്തി പി.എസ്
5എ

# THE LEAVES

*Early morning the baby leaves*
*were sprout*
*And feed the leaves of the*
*plant*
*The wind patted the leaves*
*And the leaves dancing in the*
*sunshine*
*The leaves are shaken in the*
*midnight*
*And the leaves in the*
*branches are ice in the*
*winter*
*The leaves were drying in the*
*summer*
*And the leaves were fall in*
*the autumn*
*One day the little leaves*
*fall in my heart*

*Arya.M*
*Avani.B.S*

# മഴയുടെ സൗന്ദര്യം

മഴ എന്നു പറഞ്ഞാൽ നമ്മൾ  കേരളീയർക്ക് വലിയഇഷ്ടമാണ്. മഴയുടെ ഒരോ ചലനവും നമ്മളെ ആകർഷപ്പെടുത്തുന്നു. ചാറ്റൽ മഴ വേനൽ മഴ മുടിയഴിച്ചിട്ടാടുന്ന യക്ഷി മഴ കോരിത്തരിപ്പിക്കുന്ന ചൂള മഴ. എന്നീ പലതരം മഴകളാൽ നിറഞ്ഞതാണ്  നമ്മുടെ ഈ കേരളം മഴയുടെ വരവനുസരിച്ച് വിതക്കാറുമുണ്ട് കൊയ്യാറുമണ്ട്. മഴ ഇല്ലെങ്കിൽ കൃഷി ഭൂമികൾ വരണ്ടു ഇല്ലാതാകും കർഷകരുടെ ആശ നശിച്ചു പോകും. അങ്ങനെ പലതും സംഭവിക്കും പിന്നെ മഴ നമുക്ക് ജലസ്രോതസ്സുകളിലെ ജലം വർദ്ധിപ്പിക്കുന്നു

നബീൽ

# പ്രകൃതി

നമുക്ക് ചുറ്റുമുള്ള ഏറ്റവും മനോഹരവും ആകർഷകവുമായ ചുറ്റുപാടിൽ പ്രകൃതിക്ക് ജീവിക്കാൻ നമ്മെ സ്വാഭാവിക പരിസ്ഥിതി പ്രദാനം ചെയ്യുന്നു.നമ്മുടെ പ്രകൃതി നമ്മുക്ക് പൂക്കൾ,പക്ഷികൾ,മൃഗങ്ങൾ,പച്ചക്കറികൾ,നീലാകാശം,ഭൂമി,നദികൾ,കടൽ,വനങ്ങൾ,വായു,മലകൾ,താഴ്വാരങ്ങൾ തുടങ്ങി നിരവധി വസ്തുക്കൾ നൽകുന്നു.

നാം ജീവിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും പ്രകൃതിയുടെ സ്വത്തുക്കളാണ്.

അതുപോലെ തന്നെ നമ്മൾ താമസിക്കുന്ന പ്രകൃതിയെ നശിപ്പിക്കരുത്. നമ്മൾ ദിവസേന കാണുന്നതാണ് താമസിക്കുന്ന ഭൂമി മാലിന്യങ്ങൾ കൊണ്ട് നിറയുന്നത്. നമ്മൾ തന്നെയാണ് നമ്മുടെ പ്രകൃതിയെ നശിപ്പിക്കുന്നത്. വൃക്ഷങ്ങളെ വെട്ടിനശിപ്പിക്കുന്നത് നമ്മൾ തന്നെയാണ്.

നമ്മൾ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു കാര്യമായിരുന്നു 2018ൽ ഉണ്ടായ പ്രളയം. അന്ന് എത്ര നാശനഷ്ടങ്ങൾ നമ്മൾ നേരിടേണ്ടി വന്നു.

പക്ഷെ അതിനെയെല്ലാം നേരിട്ടു.പല പല സ്കൂളുകളിൽ ദുരിതാശ്വാസക്യാമ്പ് എല്ലാ ആളുകളെയും നമ്മൾ നോക്കി കണ്ടു. അങ്ങനെ പ്രളയവും നമ്മൾ അതിജീവിച്ചു.ഇതാണ് പ്രകൃതിയെ കുറിച്ച് എനിക്ക് ഉണ്ടായ കാഴ്ചപ്പാട്.

സമർപ്പണം
ആയിഷ

# *THE DARK NIGHT*

*The dark night in the world,*
*The dark night in the world..*
*The shining stars in the dark night,*
*The reflects moon in the dark*
*night..*
*One day the white threads falls in*
*the dark night,*
*The little sparrow flew up in the*
*heart of the night..*
*The silver trees dancing in the*
*wind,*
*The skeleton leafs reach the*
*paradise..*
*The dark hazes cloud in the eyes..*
*The dark night in the world,*
*The dark night night in the world..*


Arya M
IX C

# കോവിഡ്

ലോകം മുഴുവനും വ്യാപിച്ച മഹാമാരിയാണ് കോവിഡ് 19. ഒരു ജനത അനുവർത്തിച്ച് വരുന്ന ജീവിതരീതികൾക്ക് പാടെ വിരാമമിട്ടു കൊണ്ടാണ് ഈ മഹാമാരി പടർന്ന് കയറിയത്. 2019 ഡിസംബർ അവസാനം ചൈനയിലെ വുഹാനിലെ മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന കോവിഡ് 19 ഒരു സാംക്രമിക രോഗം എന്ന് തിരിച്ചറിഞ്ഞു. അതു പിന്നീട് ഒരു ആഗോള മഹാമാരിയായി മാറി. ഇതിനെ പ്രതിരോധിക്കാൻ രാജ്യങ്ങൾ ലോക്ക്ഡൗണിലേക്ക് നീങ്ങിയതോടെ വ്യാവസായികമേഖലയും വിദ്യാഭ്യാസമേഖലയും ഗതാഗതമേഖലയുമെല്ലാം തകർച്ചയിലേക്ക് നീങ്ങി. ഈ കോവിഡ് 19 എന്ന മഹാമാരികാരണം ഒരുപാട് ജീവൻ വരെ നഷ്ടപ്പെട്ടു.



നബീൽ.എസ്
IX C




# കരുണ

കരുണ എന്നു പറഞ്ഞാൽ മനുഷ്യർക്ക് പരസ്പരം തോന്നേണ്ട ഒന്നാണ്. അതില്ലെങ്കിൽ  മനുഷ്യർ സഹകരിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. മനുഷ്യൻ  മനുഷ്യനാവണമെങ്കിൽ മനുഷ്യത്വവും കരുണയും ആവശ്യമാണ്. ഇനി വരുന്ന തലമുറയെ മനുഷ്യനായി വളർത്താൻ കരുണ ആവശ്യമാണ്.

ഒന്നു ഓർത്താൽ തന്നെ നമുക്കത് മനസ്സിലാക്കാം. വയസ്സായ അച്ഛനെയും അമ്മയെയുമൊക്കെ നമ്മൾ വൃദ്ധസദനത്തിൽ കൊണ്ടു പോയി ഇടും. ഒരു കാലത്ത് നമ്മൾക്ക്  അന്നരം സാധിച്ചു തന്നുകൊണ്ടിരുന്ന അച്ഛനെയും അമ്മയെയുമാണ് നമ്മൾ നമ്മളുടെ സുഖത്തിനും വേണ്ടി വഴിയോരങ്ങളിൽ ഉപേക്ഷിക്കുന്നതും. വൃദ്ധസദനങ്ങിൽ കൊണ്ടു പോയി ഇടുന്നതും. നമ്മൾ അപ്പോൾ നമ്മളുടെ അച്ഛൻ  അടുത്തും അമ്മെടുത്തുമൊക്കെ ചെയ്യുന്നതും കരുണയില്ലായ്മയല്ലെ. നമ്മൾ ഇനിയെങ്കിലും അത്തരം കാഴ്ചപ്പാടിൽ നിന്നും മാറി ചിന്തിക്കേണ്ടതാണ്.

ആയിഷ.എസ്

9C




# മഴ

മഴ പെയ്യുന്നത് കാണാൻ എത്ര മനോഹരമായ കാഴ്ചയാണ് ആരായാലും ഒന്ന് കണ്ടു നിൽക്കും. ഓരോ മഴത്തുള്ളികൾ വീഴുമ്പോൾ തന്നെ എന്റെ മനസ്സിൽ ആ ഓരോ തുള്ളികളും വീഴും. എന്നാൽ മഴ കൊണ്ട് നമുക്ക് ആപത്തും വരാം. ഒരു പക്ഷേ 2018ലെ പ്രളയം എന്ന മഹാമാരി വന്നതോടെയായിരിക്കും നമ്മുടെ ജീവിതത്തിൽ മഴ ഒരു വില്ലനായി മാറിയത്. എന്നാൽ നമ്മളെല്ലാവരും പ്രളയം എന്ന മഹാമാരിക്കെതിരെ ഒറ്റകെട്ടായി നിന്ന് പ്രയ്ത്ന്നിച്ചു. അതോടെ പ്രളയം എന്ന വലിയ മഹാമാരി നമ്മുടെയൊക്കെ ജീവിതത്തിൽ നിന്ന് ഒഴിവായി.

ആവണി.ബി.എസ്

# IS FREEDOM GETTING AWAY ?




It is an early morning beautiful mind freshing music are being coming from each house. It may be a village. A peace full atmosphere all around. But for few days,the happiness is getting
days,the happiness is getting
lose.Let's see what is happening in that beautiful village.

A tresspasser came to the village before some days don't know why, He was scaring all the people. The people were not understanding what the stranger is doing. But , because of scare they obeyed his orders. After someday,other stranger also came slowly, they become the kings of that village. They used the natural sources of the village for their own needs without giving it to the people. They also captured the houses of people specially the house where only womens lived in shortly they destroyed the peace in that village

To be continued

By Anusree.s.Binu



# എന്റെ ലോകം

'എന്റെ ലോകം'എത്ര മനോഹരമാണ്. എന്റെ ഈ ഒരു കൊച്ചു ലോകത്തിൽ ഒരുപാട് കാഴ്ചകൾ ഉണ്ട്. മരങ്ങളും ചെടികളും പൂക്കളും കൊണ്ട് ഈ ലോകം നിറഞ്ഞു നിൽക്കുകയാണ്. എത്ര മനോഹരം എന്റെ ഈ ലോകം.ഈ കൊച്ചു ലോകം പലരും കാണാതെ പോകുന്നു.പക്ഷെ നമ്മൾ നമ്മുടെ ഈ ലോകത്തിന്റെ മനോഹാരിതൃവും പച്ചപ്പും കാണാതെ പോകരുത്.

സമർപ്പണം

ആവണി

# FLOOD

Floods are natural disasters that occur due to over flowing of water. The reasons for the occur of flood can be heavy rainfa ll,loos e soil , meltin g of snow, breaki ng of dams etc...



The impact of flood can be far reaching and long lasting. Flood water can carry dangerous debris and pollutants making them a healthy hazard of people and animals. Flood can also economic impact , transportation and commerce can destroy. Crops and other sources of flood are destroy due to flood .

Overall floods are serious natural disasters that can have significa nt impacts on communities. By taking steps to protect aganist flood and impacts of this type of disaster

By Aayisha

# എന്റെ വിദ്യാലയം

എന്റെ വിദ്യാലയം എത്ര സുന്ദരമാണ് .

എന്റെ വിദ്യാലയം എത്ര മനോഹരമാണ്

നല്ല നല്ല നിമിഷങ്ങൾ

നല്ല നല്ല ഓർമ്മകൾ

അങ്ങനെയങ്ങനെ എത്ര ഓർമ്മകളാണ്

നമുക്കെല്ലാം ഉള്ളത് ഉച്ചയ്ക്ക് ഒരുമിച്ച

കഴിക്കുന്നതും ഒഴിവ് സമയങ്ങളിൽ

കളിക്കുന്നതും . അങ്ങനെ എത്ര നല്ല

ഓർമ്മകളാണ് വലുതായി വലിയ ജോലി

യൊക്കെയായി പോയ പലരും ആഗ്രഹിക്കും ഒന്നു ഇവിടെ വന്ന് പഠിക്കാൻ അത്രയ്ക്ക്

മനോഹരമാണ് എന്റെ വിദ്യാലയം

അഭിജിത്ത് . എസ്

IX സി




# കിന്നരിപ്പുഴ

ചക്കരമാവിൻ ചുവട്ടിലുണ്ടൊരു
കിന്നാരം ചൊല്ലുന്ന കിന്നരിപ്പുഴ
കാറ്റൊന്നടിച്ചപ്പോൾ ഒഴുകിപ്പോയി

കിന്നരിപ്പുഴയ്ക്ക് തണലുമായി
ചക്കരമാവ് താന്നുനിന്നു
കാറ്റൊന്നടിച്ചോൾ ഇലകളെല്ലാം
പൊഴിഞ്ഞങ്ങുവീണു പുഴയിലാകെ

തണലായി നിന്ന
ഇലകളെല്ലാം
വിടചൊല്ലി എങ്ങോപോയ്
മറഞ്ഞു
പിന്നെയും വസന്തം പുവണിഞ്ഞു
ചക്കരമാവും പൂത്തുലഞ്ഞു
കിന്നരിപ്പുഴയും തെളിഞ്ഞൊഴുകി

അഭിരാമി.എസ്
V III.സി



# THE SKY

*The sky have no boundaries*
*Have no grill and have no fence*
*The blue sky ,the black sky ,*
*the violet sky ,the red sky*
*Are the different faces of sky*
*Clouds and stars are the friends of blue road*
*clouds and stars give more beauty to that blue road*
*What a magic!*
*What a beauty !*

By
sneha Biju

# വാർദ്ധക്യം

വയസ്സായി കഴിഞ്ഞാൽ പിന്നെ കൊച്ചു കുട്ടികളെ പോലെയാണ് പെരുമാറുന്നത്.  അതുകൊണ്ട് ഇതിനെ രണ്ടാം ബാല്യം എന്ന് അറിയപ്പെടുന്നത്. വാർദ്ധക്യം എന്നത് ചിലർക്ക് മാത്രമുള്ള ഒരവസ്ഥയല്ല. ഈ ഭൂമിയിൽ പിറന്ന ഓരോ മനുഷ്യനും നടക്കുന്നത് അങ്ങോട്ടാണ്. വാർദ്ധക്യം ഒരു ശാപമല്ല. അതിനപ്പുറം ഏറ്റവും കരുതലും     ഏറെ സ്നേഹവും, വേണ്ട ഒരു അവസ്ഥയാണ്. ജീവിത്തിൻെറ അവസാനഘട്ടങ്ങളിലൊന്നാണ് വാർദ്ധക്യം. അറുപത് കഴിഞ്ഞാൽ കാഴ്ച കുറയുകയും കേഴ്വികുറയുകയും ചെയ്യും അപ്പോൾ അവർ രണ്ടാം പ്രാവശ്യം ഓരോ കാര്യങ്ങൾ ചോദിക്കുമ്പോൾ എതിർപ്പ് കൂടാതെ പറഞ്ഞുക്കൊടുക്കണം.

അബിയോണ ജോയി

9C

# I LOVE WORLD

I want fly to sky...
I want smell the flowers...
I want reach the space...
I want love the world...
I want eat the food...
I want go to the heaven...
I want write the story...
I want sing the melody...
I want dance with world...
I want love the world...
I want love the paradise...

Arya M
IX C

# സൗഹൃദം

ഈ ലോകത്തിൽ ഏറ്റവും നല്ല ബന്ധങ്ങളിൽ ഒന്നാണ് സൗഹൃദം. ചിരിപ്പിക്കാനും,അടികൂടാനും,സംസാരിക്കാനും  കുറച്ചു നല്ല കൂട്ടുകാരുണ്ടെങ്കിൽ നമ്മൾ എത്ര സന്തോഷവാനായിരിക്കും എന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?..........

സ്കൂൾ സൗഹൃദമാണ് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവങ്ങൾ നൽകുന്നത്. നമുക്കെന്തെങ്കിലും പ്രശ്നങ്ങൾ വന്നാൽ എപ്പോഴും കൂടെ നിൽക്കാൻ കുറച്ചു കൂട്ടുകാർ ഉണ്ടെങ്കിൽ നമ്മുടെ ജീവിതം ഒരുപാട് മനോഹരമാവും.സൗഹൃദങ്ങൾ ഒരിക്കലും അവസാനിക്കുന്നില്ല.ജീവിത കാലം മുഴുവൻ അതുനമ്മെ പിൻതുടർന്നു കൊണ്ടേയിരിക്കും

നന്ദന  എം



# സഞ്ചിയിലെ ഭാഗ്യം

പണ്ടൊരു കാട്ടിൽ ഒരു പന്നിയുംമൂന്നുപന്നിക്കുട്ടികളും താമസിച്ചിരുന്നു.
അമ്മയുടെ ആവശ്യപ്രകാരം അവർ ജോലിഅന്വേഷിച്ചു പോകാൻ തുടങ്ങിഅമ്മ
അവർക്ക് പണവും ഭക്ഷണസാധനങ്ങളും കൊടുത്തുവിട്ടു മൂവരും അമ്മയോട് യാത്ര
പറഞ്ഞ് കാട്ടിൽ എത്തി.ദുഷ്ട്ടന്മാരായ ചേട്ടന്മാർ
പന്നിക്കുട്ടിയെ ഒഴിവാക്കാൻ
ശ്രമിച്ചു .അവർമൂവരുംമരച്ചുവട്ടിൽവിശ്രമിക്കുകയായിരുന്നു.
ഒന്നാമൻഒരു സ്വപ്നം കണ്ടു താൻ കിടക്കുന്നസ്ഥലത്തുനിന്നു "ഒരടി
നടന്നു നീങ്ങുമ്പോൾ ഒരു പഴഞ്ചാക്കിൽ നിന്ന് നിറയെ സ്വർണ്ണം
കിട്ടും "അതിൻ പ്രകാരം മൂത്തവൻ യാത്രപറഞ്ഞു പോയി. പിന്നെ
രണ്ടാമനും മൂന്നാമനും മാത്രം രണ്ടാം ദിവസം അവർ യാത്ര തുടർന്നു.



രണ്ടാമൻ സ്വപ്നം കണ്ടു താൻ കിടക്കുന്ന സ്ഥലത്തുനിന്ന് "രണ്ടടി
നടക്കുമ്പോൾ ഒരു  പഴഞ്ചാക്കിൽ നിന്നും സ്വർണ്ണം കിട്ടും" അതിൻ പ്രകാരം തൻെറ
സഹോദരനോടു യാത്ര പറഞ്ഞു അവിടെ നിന്നും പോയി.
ഇനിഏറ്റവുംഇളയവൻമാത്രം.അവൻ തൻെറ
സഹോദരങ്ങളെ ഓർത്തുവിഷമിച്ചുനിൽക്കുമ്പോൾ അങ്ങകലെ ഒരു പഴഞ്ചാക്ക് കിടക്കുന്നതു
കണ്ടു.  തൻെറ ആഹാരം കഴിച്ചു കഴിഞ്ഞപ്പോൾഅവനു വീണ്ടും വിശന്നു. അവൻഭക്ഷണം
വേണമെന്ന് ആശിച്ചപ്പോൾ ആ സഞ്ചി വേണ്ടുവോളംഭക്ഷണം കൊടുത്തു അങ്ങനെ അവന്
വേണ്ടുന്നത് എല്ലാം ആ സഞ്ചിയോട് ചോദിച്ചുകൊണ്ടിരുന്നു. ആ സഞ്ചി വേണ്ടുന്നതെല്ലാം
കൊടുത്തു .
അങ്ങനെ അവൻെറ ജീവിതം
സുഖമായി കഴിഞ്ഞുപോന്നു.

മനു കൃഷ്ണ
IX സി

# അനുജൻ

കുസൃതി കാട്ടീടും മണിമുല്ല

പൂക്കളാം താമരക്കൈയ്യാൽ എൻ മുഖം
പുണരുന്ന വേദനകൾക്കെന്നും
ശമനമായി വന്നെത്തും എൻ മടിത്തട്ടിൽ
കിടന്നിട്ടുമ്പോൾ ജീവിതം സുന്ദരമാകും
നിമിഷം നിൻ സ്നേഹമാംസ്പർഷം
പുണ്യമാകും നിൻ കളിചിരികൾ കാണാൻ മനസ്സിൽ മുല്ല സുഗന്ധം
പരത്തുന്നു അനുജനായി വന്നത്
ഇളംകാറ്റായി നിലനിന്നു നന്മമരമായി
മാറിടേണം.

കൊഞ്ചലിൽ നിന്നെ

മുട്ടുവാൻ എനിക്കെത്ര മോഹമുണ്ടന്നതു
മനസ്സിലാക്കൂ........................
നിന്നെ ഞാൻ തൂവെള്ള പറവകൾ
പോലെ വളർത്തിടാം എന്നു ഞാൻ
ഉരുവിടുന്നു വിഷമം വരുത്തേണ്ട നിൻ
നേത്ര സന്നിദിയിൽ ഞാൻ ഇരിപ്പിടം
ഉറപ്പിക്കുന്ന നിമിഷങ്ങൾ കാണാതങ്ങകത്തെത്താൻ കഴിയില്ല
ആർക്കെന്നും നിശ്ചയം ഞാൻ പറയും
എന്തിനും മതെയാണെന്നിലും നീളമാണെൻ ഹൃദയം.

നിദ്രയാം സമയത്ത്

എൻ മടിയിൽ നീ ചായുമ്പോൾ നിൻ
അഴകാർന്ന മിഴികളിൽ ഞാൻ തഴുകും
നിൻ നെറ്റിയിൽ ഞാൻ ചുമ്പിച്ചിടുമ്പോൾ എന്തൊക്കെ സ്വപ്നങ്ങൾ
ഞാൻ കാണുന്നു നിൻ അഴകാർന്ന മനസ്സിനെ ഞാൻ കാണുന്നു
കൊച്ചനുജന്റെ മനസ്സിൽ ഇടം
തേടുന്നു.

ശിവ സജീവ്
VIII-ഡി

നന്ദി...